**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 414** **05-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | റോഡുകളുടെ നവീകരണപ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ; | (എ) | കിഫ്ബി റോഡ് പദ്ധതിയിൽ MORTH മാനദണ്ഡങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ളതും പൊതുവിൽ അനുവർത്തിക്കുന്നതുമായ മാനദണ്ഡങ്ങൾ കിഫ്ബിയുടെ വെബ് സൈറ്റിൽ (www.kiifb.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | റോഡുകളുടെ വീതി സംബന്ധിച്ച് കിഫ്ബിയുടെ നിബന്ധനകൾ വ്യക്തമാക്കാമോ ; | (ബി) | കിഫ്ബി റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന റോഡുകളുടെവീതിയെ പറ്റിയുള്ള നിബന്ധനകൾ “GUIDELINES FOR PLANNING AND DESIGN FOR ROADS & HIGHWAY PROJECTS FUNDED BY KIIFB” കിഫ്ബിയുടെ വെബ് സൈറ്റിൽ (www.kiifb.org) പ്രസിദ്ധീകരിച്ചിട്ടുണ്ട് . |
| (സി) | കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട മണ്ഡലങ്ങളിലെ എം.എൽ.എ. മാരെ യഥാസമയം അറിയിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ ? | (സി) | കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് അംഗീകാരം നൽകുന്ന പദ്ധതികളുടെ വിവരങ്ങൾ അംഗീകാരം നൽകുന്ന ദിവസങ്ങളിൽ പ്രസ് റിലീസായി നൽകാറുണ്ട്. പ്രസ്തുത പദ്ധതികളുടെ നടപടിക്രമങ്ങൾ ബന്ധപ്പെട്ട എസ്.പി.വി കൾക്കും ബന്ധപ്പെട്ട ഭരണവകുപ്പുകൾക്കും നൽകുന്നതോടൊപ്പം വിശദാംശങ്ങൾ കിഫ്ബിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ബഹു. എം.എൽ.എ മാർ ആവശ്യപ്പെടുന്നപക്ഷം ടി വിവരങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭയിലെ മൂന്നാം സമ്മേളനം - ബഹു. എം.എൽ.എ. ശ്രീ. ജി എസ് ജയലാൽ സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി 05.10.2021 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 414 കിഫ്ബി പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.

ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.

*(എ)* റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ; *(ബി)* റോഡുകളുടെ വീതി സംബന്ധിച്ച് കിഫ്ബിയുടെ നിബന്ധനകൾ വ്യക്തമാക്കാമോ ; *(സി)* കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട മണ്ഡലങ്ങളിലെ എം.എൽ.എ. മാരെ യഥാസമയം അറിയിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജോയിന്റ് സെക്രട്ടറി